കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നടത്തറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR(P9) /121 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 10/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR(P9) /121 /2023 തീയ്യതി: 10/04/2023

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സതീശൻ എൻ.	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	05-01-2023	13-01-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-01-2023	13-01-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ബേബി പി.വി, ഓഡിറ്റ് ഓഫീസർ
2. സുനിൽ പി.ബി, അസി.ഓഡിറ്റ് ഓഫീസർ
3. ജോയ്സൺ സി.ജെ, ഓഡിറ്റർ (ഹ.ഗ്രേ.)
4. കൃഷ്ണ രാഹുൽ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ശ്രീവിദ്യ രാജേഷ്	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ. പ്രദീപ്.കെ.	സെക്രട്ടറി	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ശോഭിനി.കെ.എസ്.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	31-03-2022
ഡോ.രാഖി സുകുമാരൻ	മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം	01-04-2021	31-03-2022
ഡോ. ശാലിനി.പി.എസ്.	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2021	31-03-2022
ശ്രീമതി. ആൻസി എം. ലാസർ	ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്. മൂർക്കനിക്കര	01-04-2021	31-03-2022
ശ്രീമതി ശ്രുതി. പി.ഡി.	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീമതി സുരഭി. ടി.എസ്.	ICDS സൂപ്പർവൈസർ	01-04-2021	31-03-2022
ഡോ. ജോയ്സി ജേക്കബ്ബ്. എം.	ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ	01-04-2021	31-03-2022
ശ്രീമതി നയന ജോസ്.സി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2021	14-11-2021
ശ്രീമതി അനു പി. പ്രഭ	അസിസ്റ്റന്റ് എഞ്ചിനീയർ	15-11-2021	31-03-2022
ശ്രീ. മഹേഷ് വി.സി.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	30-11-2021
ശ്രീമതി സുഷമ. സി.വി.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-12-2021	31-03-2022
ശ്രീമതി തനുജ.കെ.എം.	വി.ഇ.ഓ. നടത്തറ	01-04-2021	31-03-2022
ശ്രീമതി രശ്മി	വി.ഇ.ഓ. മൂർക്കനിക്കര	01-04-2021	21-10-2021
ശ്രീമതി റഹീന. പി.എ.	വി.ഇ.ഓ. മൂർക്കനിക്കര	22-10-2021	31-03-2022
ഡോ.ബിന്ദു.പി. നായർ	മെഡിക്കൽ ഓഫീസർ-ഹോമിയോ	01-04-2021	31-03-2022
ഡോ. ശരണ്യ	വെറ്ററിനറി സർജ്ജൻ	01-04-2021	31-03-2022

.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമപെൻഷനുകൾ	1-7
8	ക്യാഷ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണ സംവിധാനം.	1-9
10	വാർഷിക കണക്ക് പരിശോധന	1-10-0
11	വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല	1-10-1
12	വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-10-2
13	ലഭ്യത സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-10-3
14	Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല	1-10-4
15	ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല	1-10-5
16	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-10-6
17	ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല	1-10-7
18	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-10-8
19	തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല	1-10-9
20	പ്ലാൻ അലോട്ട്മെന്റ് തുകകൾ ഗ്രാമപഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-10-10
21	കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്- ചെലവ്	1-10-11
22	സാംഖ്യ സോഫ്റ്റ്വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം	1-10-12
23	Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.	1-10-13
24	ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ വർഷാന്ത്യ നീക്കിയിരിപ്പ് ടയൽ	1-10-14

	ബാലൻസിൽ ഉൾപ്പെടുത്തിയിട്ടില്ല.	
25	ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-അപാകതകൾ	1-11
26	സ്ഥാപന തൊഴിൽ നികുതി അപാകതകൾ	1-12
27	വ്യക്തിഗത തൊഴിൽ നികുതി പിരിച്ചെടുത്തില്ല	1-13
28	അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല	1-14
29	മുഴുവൻ വിസ്തൃതിയ്ക്കും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയില്ല	1-15
30	അനധികൃത കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയില്ല	1-16
31	വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു	1-17
32	മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല	1- 18
33	ഗുണഭോക്താക്കളുടെ പൂർത്തീകരണ വിവരം കൃത്യമാക്കേണ്ടതാണ്	1-19
34	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി	1-20
35	2021-22 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ്	1-21
36	കാലി ടാർ വീപ്പയുടെ വില ഫൈനൽ ബില്ലിൽ കുറവ് ചെയ്തിട്ടില്ല.	1-22
37	ഇ – ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.	1-23
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

പാസ്സാക്കിയ തിയതി	17/02/2021	
കമ്മിറ്റി തീരുമാനം	1(1)	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	14,67,57,760	13,99,72,055
റിവൈസ്ഡ് ബജറ്റ്		
പാസ്സാക്കിയ തിയതി കമ്മിറ്റി തീരുമാനം റിവൈസ്ഡ് ബജറ്റ്	10/02/2022 4(6)	
കമ്മിറ്റി തീരുമാനം	2(1)	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	18,45,40,346	19,35,44,191

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകതപരിഹരിച്ച് ലഭ്യമാക്കിയ തീയതി
31.07.2022	27.07.2022	01.08.2022

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	2,21,48,498
വരവ്	9,90,32,024
ആകെ	1,21,180,522
ചെലവ്	8,28,55,980
നീക്കിയിരിപ്പ്	3,83,24,542

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ	0	1,57,07,453	1,57,07,453	14814666	892787
വികസന ഫണ്ട്-എസ്.സി.പി	0	49,06,023	49,06,023	46,66,334	2,39,689
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)	0	2,50,000	2,50,000	2,50,000	0
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	1,09,31,000	1,09,31,000	75,85,287	33,45,713
മെയിന്റനൻസ്, നോൺ-റോഡ്	0	63,79,378	63,79,378	55,18,136	8,61,242

(ACR പ്രകാരം)					
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ACR പ്രകാരം)	0	80,45,375	80,45,375	62,76,626	17,68,749
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് (ACR പ്രകാരം)	0	33,65,983	33,65,983	29,16,027	4,49,956

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം വികസന ഫണ്ടിലേയും, സംരക്ഷണ ഫണ്ടിലേയും മുൻ വർഷത്തെ ക്യാരി ഓവർ തുകയുടെ പകുതി അനുവദിച്ചുകൊണ്ടുള്ള 31-03-22 തിയതിയിലെ ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പിന്റെ സർക്കാർ ഉത്തരവ് നമ്പർ:2617/2022/ധന. പ്രകാരം ഗ്രാമപഞ്ചായത്തിന് വികസന ഫണ്ട് (പട്ടിക ജാതി ഉപ പദ്ധതി) പ്രകാരം ₹2,39,689 ഉം, സംരക്ഷണ ഗ്രാന്റ് (റോഡിതരം) ₹23,126/-ഉം പരിശോധനയ്ക്ക് ഹാജരാക്കിയ ACR-ൽ അതാത് ഇനത്തിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിനത്തിലെ വരവായി ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. ഈ കാര്യം ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക:1-10-10 ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ (എണ്ണം)	നടപ്പിലാക്കിയത് (എണ്ണം)	പൂർത്തീകരിച്ചതിന്റെ ശതമാനം	അടങ്കൽ (തുക)	പദ്ധതി ചെലവ്	തുക വിനിയോഗിച്ചതിന്റെ ശതമാനം
209	148	70.81	123305713	57768256	46.84

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	356010	356010	355992	18
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	14813923	14813923	14813923	0

തൊഴിലുറപ്പ് കണക്കുകളിലെ അപാകതകൾ സംബന്ധിച്ച് ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ 1-10-9 നമ്പർ ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

1-7 ക്ഷേമപെൻഷനുകൾ

പദ്ധതിയുടെ പേര്	ചെലവ് തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിതവേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	50,37,200	307
വിധവാ പെൻഷൻ	2,22,61,400	1442
വാർദ്ധക്യകാല പെൻഷൻ	3,80,79,300	2623

വികലാംഗപെൻഷൻ	48,55,200	317
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	31,39,000	208
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	1,80,000	6

ഗ്രാമപഞ്ചായത്തിൽ നിന്നും ഹാജരാക്കിയ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കിലെ വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-01-2023 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,990/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം.

ഗ്രാമ പഞ്ചായത്തിലെ വൗച്ചറുകളും രജിസ്റ്ററുകളും ഏറെക്കുറെ കൃത്യതയോടെ പരിപാലിക്കുന്നുണ്ട്. എന്നാൽ ഏതാനും രജിസ്റ്ററുകളിൽ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായ രീതിയിൽ പ്രവൃത്തിക്കുന്നുണ്ട്. സെക്രട്ടറി/പ്രസിഡണ്ട് എന്നിവരുടെ പേരിൽ ദുരിതാശ്വാസ നിധിക്കായി ഓഡിറ്റ് പിരിയഡ് ഉൾപ്പെടെയുള്ള കാലയളവിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പലരും TR.7A കാഷ്ബുക്ക് പരിപാലിക്കുന്നില്ല. (ഉദാ. അസി.എഞ്ചിനിയർ, എച്ച്.എം.) പ്രോജക്ടുകളുടെ രൂപീകരണ, നിർവ്വഹണ, പൂർത്തീകരണ വേളകളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായി ഇടപ്പെടലുകൾ കാണുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-10-0 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.4/09.01.2023)

1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)

1-10-2 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്.

എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2- 1റെസിഡൻഷ്യൽ(തൻവർഷം)

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	32,26,808	31,85,280	34,602	12637
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	32,26,808	31,79,569	34,602	*12637
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	(350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ)	*(13277/105X100) =12645 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു)

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 5711രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2-2.വസ്തു നികുതി – നോൺ റെസിഡെൻഷ്യൽ (തൻവർഷം) – ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(തൻവർഷം)

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	21,35,191	20,70,972	20,504	39,316

വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	21,35,191	20,70,371	25,504	*39,316
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	(350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	*(41286 /105X100)=39320 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു)

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.
2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 601രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.
3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2-3.വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

	ഡിമാന്റ്	കളക്ഷൻ	ബാക്കി
ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	267504	2,36,699	31222
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	*2,49,897	2,36,321	**31222
	*(220-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (185090+77302= 262392/105*100)= 249897	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	**(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (32775 X 100/105)=31214 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു)

1.ഡിമാന്റ്,കളക്ഷൻ എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.
2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 378 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു.

അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

<u>2-4.വസ്തു നികുതി – നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക) – ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപെടുന്നില്ല</u>

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

	ഡിമാന്റ്	കളക്ഷൻ	ബാക്കി
ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	2,37,688	1,33,054	1,04,912
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	2,20,375	1,32,776	**1,04,912
	(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(150765+80629.= 231394/105*100)=220375	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	**(110175/105X100) =104929,ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1.ഡിമാന്റ്, കളക്ഷൻ എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 278 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

<u>2-5ലൈബ്രറി സെസ്സ് – ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപെടുന്നില്ല</u>

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻക്കൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കുടി ശ്ശിക	ആകെ	തൻ വർഷം	കുടി ശ്ശിക	ആകെ			തൻ വർഷം	കുടി ശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	**റെസിഡൻഷ്യൽ**	165391	13970	172811	162474	12067	174541	2343		640	1595	2232
	നോൺ-റെസിഡൻഷ്യൽ	107303	11987	119290	94927	6680	103980	1366		765	1532	2297
	ആകെ	292101			278521			3709		4529		
വാർഷികകണക്കിലെ		298651			285705				289186	9465		

വിവിധ പത്രികകൾ പ്രകാരം	24401+274250=298651 (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/Levies...... ലെഡ്ജർ 2021-22)	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-35(വരവ്))		(431910101 -State Govt . Cess/ Levies...... ലെഡ്ജർ 2020-21)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1.ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത്, ബാക്കി എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 7184 രൂപ കുറവ് പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ കൂടുതൽ രേഖപ്പെടുത്തി ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 285705 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 278521 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 289186 രൂപയാണ്.

2-6. വസ്തു നികുതി മുൻകൂർ – ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്ര. നം.	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues - Property Tax On Residential Building	3,65,967	35116
2	350410104-Advance Collection Of Revenues - Property Tax On Non-Residential Building	1,45,436	218351

2-7.വസ്തു നികുതി – യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2021ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി

തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22വർഷത്തിൽ നടത്തറ ഗ്രാമപഞ്ചായത്തിൽ 337 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31/3/22 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധൂത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2-8.വസ്തു നികുതി മുൻകൂർ - തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

"Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ കുടിശ്ശിക

ജേണൽ വൗച്ചർ	തീയ്യതി	തുക
42100834	31/3/22	17945

നോൺ-റെസിഡൻഷ്യൽ **കുടിശ്ശിക**

ജേണൽ വൗച്ചർ	തീയ്യതി	തുക
42100835	31/3/22	17862

1-10-3 ലഭ്യത സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-10-4 Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം "290000000-Prior Period Income" ,"190000000-Prior Period Expenditure "എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള

രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)	31/3/2022ലെ ലെഡ്ജർ ബാക്കി
190100101-Prior Period Income -Property Tax	38,710
190100102-Prior Period Income-Profession Tax Institution/ Professionals/ Traders	80,000
190200201 Prior Period Income – License Fees	25,350
190200401 Prior Period Income – Other Income	2,99,822
290600499-Prior Period Expenses-Remission And Refund – Other Income	24,938
290800201-Prior Period Expenses-Administrative Expenses	(-) 1,32,400
290800501 -Prior Period Expenses-Programme Expenses	(-) 51,41,326*
290800601 -Prior Period Expenses-Revenue Grants & Contribution	(-) 60,000
290800701 -Prior Period Expenses-Miscellaneous Expenses	(-)25,14,611

*വാർഷിക ധനകാര്യപത്രിക ഷെഡ്യൂൾ RP 25-ൽ 290800501ൽ (-) 125000 രേഖപ്പെടുത്തിയിട്ടുണ്ട്.

1-10-5 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-10-7 ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ, അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ

പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

1-10-8 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല
കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16176044രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12207435രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-10-9 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപെട്ടുത്തുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.
പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(c)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 1,51,69,301രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകൾ പ്രകാരം ആകെ ചെലവ് 1,51,69,915 രൂപയാണ്. നീക്കിയിരിപ്പ് ₹18/- രേഖപ്പെടുത്തിയിരിക്കുന്നു. വാർഷിക കണക്ക് പ്രാകാരം MGNREGSനായുള്ള ബാങ്ക് അക്കൗണ്ടിൽ വർഷാന്ത്യ നീക്കിയിരിപ്പ് ഒന്നും തന്നെ ഇല്ലാത്തതാണ്. വാർഷികകണക്കുകൾ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-10 പ്ലാൻ അലോട്ട്മെന്റ് തുകകൾ ഗ്രാമപഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം വികസന ഫണ്ടിലേയും, സംരക്ഷണ ഫണ്ടിലേയും മുൻ വർഷത്തെ ക്യാരി ഓവർ തുകയുടെ പകുതി അനുവദിച്ചുകൊണ്ടുള്ള 31-03-22 തിയതിയിലെ ധനകാര്യ (എസ്.എഫ്.സി. സെൽ-എ) വകുപ്പിന്റെ സർക്കാർ ഉത്തരവ് നമ്പർ:2617/2022/ധന. പ്രകാരം ഗ്രാമപഞ്ചായത്തിന് വികസന ഫണ്ട് (പട്ടിക ജാതി ഉപ പദ്ധതി) പ്രകാരം ₹2,39,689 ഉം, സംരക്ഷണ ഗ്രാന്റ് (റോഡിതരം) ₹23,126/-ഉം ലഭിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയ ACR-ൽ അതാത് ഇനത്തിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിനത്തിലെ വരവായി ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്.

1-10-11 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്- ചെലവ്

07.10.2021തിയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ:6591/2021/ധന. പ്രകാരം 2020-21 വർഷത്തെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാത്ത തുകയായിരുന്ന ₹32,37,375/- Tied Fund ഇനത്തിലും, ₹1,60,983/- Basic Grant ഇനത്തിലും പുനരനുവദിച്ച്കൊണ്ട് ഉത്തരവായിരുന്നതാണ്. എന്നാൽ പരിശോധനയ്ക്കായി ഹാജരാക്കിയ ചെലവുരേഖകൾ പ്രകാരം 2021-22 വർഷത്തിൽ മേൽ അനുവദിച്ച തുകയിൽ നിന്നും ₹1,60,983/- Basic Grant ഇനത്തിലും, ₹29,35,288/-Tied Fund ഇനത്തിലും മാത്രമാണ് (ആകെ 3096271) ഇതിൽ നിന്നും ഗ്രാമപഞ്ചായത്തിൽ ചെലവഴിച്ചിട്ടുള്ളത്. (ആയതിന്റെ ചെലവു സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്).
മേൽ പറഞ്ഞ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ട്രഷറി മുഖേനെ മാറിയ തുക കൂടാതെ ഇ-ഗ്രാമ സ്വരാജ് സൈറ്റിലൂടെ CFC Grant Tied ഇനത്തിൽ ₹48,08,000/-യും, CFC Grant UnTied-Basic Grant ഇനത്തിൽ ₹32,96,695/-യും(₹91695/-പലിശ ഉൾപ്പെടെ) വരവ് വന്നിട്ടുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതും, ഈ തുകകൾ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനായി തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് (കേരള ബാങ്ക്), മണ്ണുത്തി ബ്രാഞ്ചിൽ പ്രത്യേകമായി തുടങ്ങിയ 80015206839 അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളതുമാണ്.
പരിശോധനയ്ക്ക് ഹാജരാക്കിയ CFC Grant Tied, CFC Grant UnTied-Basic Grant എന്നിവയുടെ സാംഖ്യ ACR പ്രകാരം യഥാക്രമം ₹62,76,626/-യും ₹29,16,027/-യും പ്രോഗ്രസ്സീവ് എക്സ്പെൻഡീച്ചറായി ചേർത്തിട്ടുള്ളതാണ്. ആയതിൽ മേൽ പറഞ്ഞ 2020-21 വർഷത്തെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാത്ത

തുകയായി അനുവദിച്ചതിൽ നിന്ന് CFC Grant Tied ൽ നിന്നുള്ള ₹29,35,288/-യും, CFC Grant UnTied-Basic Grant ൽ നിന്നുള്ള ₹160983/-യും ഉൾപ്പെട്ടിട്ടുള്ളതാണ്. ഈ തുകകൾ ഒഴിവാക്കിയാൽ CFC Grant Tied ൽ നിന്നും ₹33,41,338/-യും, CFC Grant UnTied-Basic Grantൽ നിന്നും ₹27,55,044/-യും ഉൾപ്പെടെ ആകെ ₹60,96,382/-യാണ് ACR കണക്ക് പ്രകാരം ഇ-ഗ്രാമ സ്വരാജ് സൈറ്റിലൂടെ അനുവദിച്ച തുകയിൽ നിന്നും ചെലവഴിച്ചിരിക്കേണ്ടത്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ഇ ഗ്രാമ സ്വരാജ് സൈറ്റിൽ നിന്നും എടുത്ത ചെലവ് വൗച്ചറുകളുടെ ആകെ തുകയായി ₹60,37,735/- മാത്രമാണ് കാണിച്ചിരിക്കുന്നത്. ₹58647യുടെ വ്യത്യാസം കാണുന്നു. ഈ പൊരുത്തക്കേടിനുള്ള കാരണം അറിയിക്കേണ്ടതാണ്.

1-10-12 സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം

ഗ്രാമപഞ്ചായത്ത് 05/9/21 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 06/9/21 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൌണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1)Opening Balance Sheet

31/3/21 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല.ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

2).Receipt And Payment Statement

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല

3)Income And Expenditure Account

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല

1-10-13 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		16,35,20,639
ആകെ ചെലവ് (B)		16,97,49,345
മിച്ചം തുക C= A-B		(-)62,28,706
Prior Period Income	443,882	
Prior Period Expenditure	(-)78,48,446	
Net Difference Between Prior Period Income And Expenses (D)	82,92,328	
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D	(-)62,28,706 + 82,92,328	20,63,622

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ (-)62,28,706 ൽ നിന്നും 82,92,328 കുറച്ചപ്പോൾ ലഭിച്ച 11,75,858 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/21 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 20,63,622 രൂപ തന്നെയാണ്.

31/3/21ടയൽ ബാലൻസ് പ്രകാരം മിച്ച തുക	(-)59,95,519

ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	
കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D	20,63,622
31/3/21 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	(-)39,31,897

1-10-14 ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ വർഷാന്ത്യ നീക്കിയിരിപ്പ് ട്രയൽ ബാലൻസിൽ ഉൾപ്പെടുത്തിയിട്ടില്ല.

290800301 ശീർഷകത്തിൽ Prior Period Expenses- Operations And Maintance Expenses-ൽ (-)47ഉം, 290800601 ശീർഷകത്തിൽ Prior Period Expenses- Revenue Grants&Contribution-ൽ (-)60,0000ഉം ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 Prior Period Expenditure-ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ് എന്നാൽ ഈ ശീർഷകങ്ങളിലെ നീക്കിയിരിപ്പു തുകകൾ ട്രയൽ ബാലൻസിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഈ തുകകൾ ഉൾപ്പെടുത്താതിരുന്നതിലുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

1-11 ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-അപാകതകൾ

1) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 5 പ്രകാരം ഏതൊരു വ്യാപാര സ്ഥാപനവും ആരംഭിക്കുന്നതിന് മുൻപ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഒരോ വർഷവും പുതുക്കേണ്ടതുമാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 ൽ 426 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കെട്ടിടവിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ള സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 1258 കെട്ടിടങ്ങൾക്ക് ഗാർഹികേതര ആവശ്യങ്ങൾക്കായി (വാണിജ്യത്തിനും വ്യാപാരത്തിനുമായുള്ള കെട്ടിടങ്ങൾക്ക്) കെട്ടിടനമ്പർ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് നല്കിയ സ്ഥാപനങ്ങളുടെ എണ്ണവും, മേൽ പറഞ്ഞപ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെയുള്ള ഉപയോഗക്രമമുള്ള കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ വലിയ അന്തരമുള്ളതാണ്.
ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും അതു വഴി ഗ്രാമപഞ്ചായത്തിന് വരുമാന ചോർച്ച ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ഈ കാര്യത്തിനായി 2021-22 വർഷത്തിൽ ലൈസൻസ് എടുക്കാത്ത എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നല്കിയതായും, നടപ്പു വർഷത്തിൽ നാളിതുവരെ ആകെ 408 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളതും, ഇതിനു പുറമേ 180 സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കിയിട്ടുള്ളതായും ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.12/10.01.2023) മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.
മേൽ പറഞ്ഞ മറുപടിയിൽ നിന്നും ഗ്രാമപഞ്ചായത്തിൽ ആകെ 588 സ്ഥാപനങ്ങൾ ഉള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 426 സ്ഥാപനങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആയതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും നിലവിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടുണ്ടെന്ന് പരിശോധിച്ചു ഉറപ്പുവരുത്തുന്നതിനായില്ല.
വാർഡ് തലത്തിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും ലൈസൻസ് ഉറപ്പാക്കേണ്ടതുമാണ്.

2) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയനുസരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. പ്രസ്തുത ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി തുക 500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 100, 200, 300, 350

എന്നിങ്ങനെ വ്യത്യസ്തമായ നിരക്കുകൾ ലൈസൻസ് ഫീ ആയി ഈടാക്കി വരുന്നു. പ്രസ്തുത നിരക്കുകൾ ഈടാക്കാൻ അവലംബിച്ച തീരുമാനം ഉണ്ടെങ്കിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 19/13.01.2023) മറുപടി ലഭ്യമായിട്ടില്ല.

2) 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ലൈസൻസിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങളും ജീവനക്കാരുടെ എണ്ണവും ചേർത്തിട്ടില്ല. പഴയ മാതൃകയിലുള്ള അപേക്ഷകളാണ് പല സ്ഥാപനങ്ങളും ഉപയോഗിച്ചിട്ടുള്ളത്. ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താതെ ലൈസൻസ് ഫീ കണക്കാക്കിയത് എങ്ങനെ എന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. തുടർ വർഷങ്ങളിൽ അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതും അത് പ്രകാരം ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്. പഞ്ചായത്തിനെ കിട്ടേണ്ട വരുമാനം കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം പിരിച്ചെടുക്കുന്നുണ്ട് എന്ന് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഉറപ്പാക്കേണ്ടതും, ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3) 2020-21 വർഷത്തിൽ രജിസ്റ്റർ പ്രകാരം നാല് പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. 2021-22 വർഷത്തിൽ 3 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതിൽ 2 എണ്ണത്തിന്റെ വിവരങ്ങൾ മാത്രമേ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ലൈസൻസ് അനുവദിച്ചിട്ടുള്ള കവലക്കാട്ട് ഡെന്റൽ കെയർ എന്ന സ്ഥാപനത്തിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കി കാണുന്നില്ല. ടി സ്ഥാപനത്തിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. ദേവിക ക്ലിനിക്കൽ ലബോറട്ടറി എന്ന സ്ഥാപനം 2021-22 വർഷം ലൈസൻസ് ഫീ അടക്കാതെ 2022-23 വർഷം കുടിശ്ശിക അടക്കുകയായിരുന്നു. രജിസ്റ്ററുകൾ കാലികമാക്കുന്നതിനും ആയവ പരിശോധിച്ച് കൃത്യമായി ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ അതത് വർഷം തന്നെ ഡിമാന്റ് ചെയ്ത് നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

4) താഴെ പറയുന്ന മൂന്ന് അവസരങ്ങളിലും മോട്ടോർ ഫീ ഈടാക്കുന്നതിലെ അപാകതകൾ വ്യക്തമാക്കുന്നു.
ശ്രീ.സജി.പി.തോമസ് എന്നവർ XVII/579എന്ന കെട്ടിടത്തിൽ വെൽഡിംഗ് ഇലക്ട്രോഡ് നിർമ്മാണത്തിന് 2021-22ൽ ലൈസൻസ് ഫീ ഒടുക്കിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ ലൈസൻസിനായുള്ള 2020-21 അപേക്ഷയിൽ 45HP ഇലക്ട്രിക്ക് മോട്ടോർ ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ 2021-22ൽ ശ്രീ.സജി.പി.തോമസ് എന്നവരിൽ നിന്നും 45 HP ഇലക്ട്രിക്ക് മോട്ടോറിന് വേണ്ടുന്നതായ ₹500/- മോട്ടോർ ഫീ ഈടാക്കിയിട്ടില്ലത്തതാണ്.
ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന Nippon Toyota എന്ന സെയിൽസ് & സർവ്വീസ് സ്ഥാപനത്തിൽ നിന്നും മോട്ടോർ ഫീ ഈടാക്കി കാണുന്നില്ല. ലൈസൻസ് അപേക്ഷയിൽ അന്വേഷണ റിപ്പോർട്ടും ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്.
വലക്കാവ് ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ പാലും പാലുൽപന്നങ്ങളും നിർമ്മിക്കുന്ന സംരംഭത്തിന്റെ ലൈസൻസിനായുള്ള അപേക്ഷയിന്മേൽ 60HP ഇലക്ട്രിക്ക് മോട്ടോറിന് വേണ്ടുന്നതായ ₹1000/- മോട്ടോർ ഫീ ഈടാക്കിയിട്ടുണ്ട്, എന്നാൽ PCB സാക്ഷ്യപത്രത്തിൽ 164.5 HP എന്നതാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് അനുസരിച്ച് 2000/- രൂപ ഈടാക്കേണ്ടതാണ്.
ലൈൻസിനായുള്ള അപേക്ഷയിന്മേൽ ശരിയായ പരിശോധന നടത്തിയും സ്ഥാപനത്തിൽ കൃത്യമായ പ്രാദേശിക പരിശോധന നടത്തിയും ഇലക്ട്രിക്ക് മോട്ടോർ ഉള്ള പക്ഷം ആയതിന് അനുസൃതമായ മോട്ടോർ ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) സന്ദീപ്.കെ.ആർ. കേലങ്ങത്ത് വീട്, കുറ്റനാൽ, കൊഴുക്കുള്ളി-പി.ഓ. എന്നവർക്ക് IX/268നമ്പർ കെട്ടിടത്തിൽ ഇറച്ചി കോഴി വില്പനനടത്തുന്നതിന് 2021-22 വർഷത്തിൽ 155-)ം നമ്പരായി ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. ലൈസൻസ് അപേക്ഷയോടൊപ്പം ഹാജരാക്കിയ സത്യവാങ്മൂലത്തിൽ ഇറച്ചി കോഴി

വില്പനയോടനുബന്ധിച്ചുണ്ടാകുന്ന മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യുന്നതിനായി, കോഴി മാലിന്യം സ്വന്തം പന്നി ഫാമിൽ ഉപയോഗപ്പെടുത്തുന്നതായി അറിയിച്ചിട്ടുണ്ട്. അപേക്ഷകന് പന്നി ഫാം നടത്തുന്നതിനായി നല്കിയ ലൈസൻസ് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും, ആയത് ഹാജരാക്കിയിട്ടില്ലാത്തതാണ്.

6) പാലുല്പാദനത്തിൽ മുന്നിലുള്ള നടത്തറ പഞ്ചായത്തിൽ വിവിധ ക്ഷീര വികസന സംഘങ്ങളിൽ പാൽ അളന്ന് പാലിന് സബ്സിഡി ലഭിച്ചവരിൽ ആറ് മാസം കൊണ്ട് 12000 ലിറ്ററിലധികം പാൽ അളന്ന 4 പേരുണ്ട്. എന്നാൽ 5 ൽ കൂടുതൽ കന്നുകാലികൾ , പന്നികൾ എന്നിവയെ വളർത്തുന്നവർ ഫാം നടത്തുന്നതിനുള്ള ലൈസൻസ് എടുക്കണം എന്നിരിക്കെ പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയതായി കാണുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 19/13.01.2023) മറുപടി ലഭ്യമായിട്ടില്ല.

7) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ക്ഷീര വികസന സംഘങ്ങൾ, ജിംനേഷ്യം , റേഷൻകടകൾ , എന്നിവരിൽ നിന്നും 2021-2022 സാമ്പത്തിക വർഷം ലൈസൻസ് ഫീ ഈടാക്കി കാണുന്നില്ല. കൂടാതെ 2021-22 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം പൂച്ചട്ടി ഷോപ്പിംഗ് കോംപ്ലക്സിലെ 21 മുറികൾ ഉള്ളതിൽ 18 മുറികളും നടത്തറ ഷോപ്പിംഗ് കോംപ്ലക്സിലെ 7 മുറികളും വനിതാ വിപണന കേന്ദ്രത്തിലെ 18 മുറികളിൽ 11 മുറികളും ഉൾപ്പെടെ ആകെ 36 മുറികളിൽ നിന്ന് വാടക ഡിമാന്റ് ചെയ്തിട്ടുള്ളതാണ്. ആകെ 36 മുറികളിൽ നിന്നായി ആകെ 13 വാണിജ്യസ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. മറ്റു സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാത്തതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 19/13.01.2023) മറുപടി ലഭ്യമായിട്ടില്ല.

1-12 സ്ഥാപന തൊഴിൽ നികുതി അപാകതകൾ

1) 2021-22ലൈസൻസ് രജിസ്റ്റർ പ്രകാരം 137 നമ്പരായി ലൈസൻസ് അനുവദിച്ചിട്ടുള്ള ശ്രീ. ഷാജു.കെ.ജെ, കൈതാരത്ത് വീട്, പൂച്ചട്ടി, എന്നയാൾ നടത്തുന്ന വാണിജ്യ സ്ഥാപനത്തിന് സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഭിന്നശേഷിയുള്ള വ്യകതി എന്ന നിലയിൽ സ്ഥാപന തൊഴിൽ നികുതിയിൽ ഇളവ് നൽകി എന്നതാണ് സെക്രട്ടറി ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയത്. വ്യക്തിഗത തൊഴിൽ നികുതിയ്ക്ക് ഭിന്നശേഷിയുള്ള വ്യകതിയ്ക്ക് ഇളവ് അനുവദിക്കാമെങ്കിലും, ടേൺ ഓവറിനെ അടിസ്ഥാനപ്പെടുത്തി നിർണയിക്കുന്ന സ്ഥാപന തൊഴിൽ നികുതിയിൽ ഇളവ് നൽകുന്നതിന് വ്യവസ്ഥയില്ല. ടിയാളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2021- 22 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	റിമാർക്സ്
1.	അയ്യപ്പൻകാവ് ക്ഷീര സഹകരണ സംഘം	2021-22 സാമ്പത്തിക വർഷം
2.	കുട്ടാല ക്ഷീര സഹകരണ സംഘം	2021-22 സാമ്പത്തിക വർഷം
3.	ചേരുംകുഴി ക്ഷീര സഹകരണ സംഘം	2021-22 സാമ്പത്തിക വർഷം

3) ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ബി.എസ്.എൻ.എൽ -ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.
തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.20/13.01.23)

1-13 വ്യക്തിഗത തൊഴിൽ നികുതി പിരിച്ചെടുത്തില്ല

1) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

അസി.എഞ്ചിനീയറുടെ എഗ്രിമെൻ്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2021-22 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാൻ്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാൻ്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

2) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021 - 22 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

A) റേഷൻ കടകൾ

B)കള്ള് ഷാപ്പുകൾ

C)ക്ഷീര സഹകരണ സംഘങ്ങൾ (അയ്യപ്പൻകാവ്, കുട്ടാല, ചേരുംകുഴി)

തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.24/13.01.23)

1-14 അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല

1. നോട്ടീസ് നം.JC5 364/22 തി.3/2/22 പ്രകാരം ശ്രീ.അഭീഷ്, പുളിങ്കുഴി വീട്, നടത്തറ എന്നവർക്ക് താഴെ പറയും പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. 17-ാം വാർഡിൽ നാഷണൽ ഹൈവേയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന താങ്കളുടെ അധീനതയിലുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുക്കുകയോ, ടി കെട്ടിടം നിർമ്മിച്ച ശേഷം ക്രമവത്ക്കരണം നടത്തുകയോ ചെയ്തിട്ടില്ലായെന്നും താങ്കൾക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് എക്ട് സെക്ഷൻ 235W പ്രകാരം താങ്കൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 22/21-22 നൽകിയെങ്കിലും മറുപടി നൽകിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് 235 Z പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ പിഴ സംബന്ധിച്ച് താഴെ പറയുന്ന പ്രകാരം വ്യവസ്ഥ ചെയ്യുന്നു.

ഏതെങ്കിലും കെട്ടടത്തിൻ്റെ നിർമ്മാണമോ പുനർനിർമ്മാണമോ മാറ്റം വരുത്തലോ,

(എ) സെക്രട്ടറിയുടെ അനുവാദം കൂടാതെ ആരംഭിക്കുകയോ,

(ബി) അനുവാദത്തിന് ആധാരമായ സംഗതികൾ അനുസരിച്ചല്ലാതെ നടത്തിക്കൊണ്ടിരിക്കുകയോ പൂർത്തിയാക്കുകയോ

(സി) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥയോ അതിന്കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ ബൈലായ്തക്കോ നിയമാനുസൃതം നൽകിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശത്തിനോ ആവശ്യപ്പെടലിനോ വിരുദ്ധമായിട്ടോ നടത്തിക്കൊണ്ടിരിക്കുകയോ പൂർത്തിയാക്കുകയോ

(ഡി)തൽസംബന്ധമമായി 235 എൻ വകുപ്പ് പ്രകാരം പുറപ്പെടുവിച്ച നോട്ടീസിൽ ആവശ്യപ്പെട്ടിരിക്കുന്ന മാറ്റമോ കൂട്ടിച്ചേർക്കലോ യഥാവിധി വരുത്താതിരിക്കുകയോ,

(ഇ) തൽസംബന്ധമായി 235 ഡബ്ല്യു വകുപ്പ് പ്രകാരം സെക്രട്ടറി ഏതെങ്കിലും ആളിന് നൽകിയ നിർദ്ദേശം അനുസരിക്കുന്നതിൽ അയാൾവീഴ്ച വരുത്തുകയോ, ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൻ്റെ ഉടമസ്ഥനിൽ നിന്നോ അങ്ങനെയുള്ള ആളിൽ നിന്നോ, അതതു സംഗതിപോലെ, കുറ്റസ്ഥാപനത്തിൻമേൽ, ഒരു കെട്ടിടത്തെ സംബന്ധിച്ചാണെങ്കിൽ പതിനായിരം രൂപ വരെയാകാവുന്ന പിഴയും കുടിലിനെ സംബന്ധിച്ചാണെങ്കിൽ ആയിരം രൂപ വരെ ആകാവുന്ന പിഴയും കുറ്റം തുടർന്ന് പോകുന്ന ഓരോ ദിവസത്തിനും, കെട്ടിടത്തെസംബന്ധിച്ചാണെങ്കിൽ ആയിരം രൂപ വരെയും കുടിലിനെ സംബന്ധിച്ചാണെങ്കിൽ പത്ത് രൂപ വരെയും ആകാവുന്ന അധികം പിഴയും ഈടാക്കാവുന്നതാണ്.

എന്നാൽ, കെട്ടിടത്തിൻ്റെ നിർമ്മണമോ പുനർനിർമ്മാണമോ, 235 ഡബ്ല്യു വകുപ്പ് പ്രകാരം ക്രമവത്ക്കരിക്കാവുന്നതും അപ്രകാരം സെക്രട്ടറി ക്രമവത്ക്കരിച്ചിട്ടുള്ളതാണെങ്കിൽ ഈ ഉപവകുപ്പ് പ്രകാരം യാതൊരാളെയും കുറ്റസ്ഥാപനം നടത്താൻ പാടുള്ളതല്ല.

കെട്ടിട ഉടമയിൽ നിന്നും നാളിതുവരെ പിഴ ഈടാക്കിയിട്ടില്ല.നോട്ടീസ് അയച്ചിട്ടുള്ളത് 3/2/22 തിയ്യതിലാണ്.

കെട്ടിടം പണി ആരംഭിച്ചതും, പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചതും നോട്ടീസ് അയക്കുന്നതിന് വളരെ മുമ്പാണ്. കെട്ടിടം നിർമ്മാണം ആരംഭിച്ചപ്പോഴോ, കെട്ടിട നിർമ്മാണം നടക്കുന്ന വേളയിലോ ഗ്രാമപഞ്ചായത്ത് ചട്ടപ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചില്ല. കെട്ടിട ഉടമ നാളിതുവരെ ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ല. നോട്ടീസ് നൽകിയ തിയ്യതി മുതൽ കെട്ടിടത്തിന് പിഴ ചുമത്തി ഈടാക്കിയില്ല. കെട്ടിടം ഇപ്പോഴും അനധികൃതമായി പ്രവർത്തിച്ചു വരുന്നു.ആയതിനാൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 Z വ്യവസ്ഥ പ്രകാരമുള്ള നടപടിയോ/കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരമുള്ള നടപടിയോ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

2. നോട്ടീസ് നം.SC3/4997/22 തി.13/12/22 പ്രകാരം ശ്രീ.ഹംസ, മാമ്പുള്ളി വീട്, നടത്തറ എന്നവർക്ക് മുകളിൽ പ്രസ്താവിച്ച പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. കെട്ടിടം നിർമ്മാണം ആരംഭിച്ചപ്പോഴോ, കെട്ടിട നിർമ്മാണം നടക്കുന്ന വേളയിലോ ഗ്രാമപഞ്ചായത്ത് ചട്ടപ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചില്ല. കെട്ടിട ഉടമ നാളിതുവരെ ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ല. നോട്ടീസ് നൽകിയ തിയ്യതി മുതൽ കെട്ടിടത്തിന് പിഴ ചുമത്തി ഈടാക്കിയില്ല. കെട്ടിടം ഇപ്പോഴും അനധികൃതമായി പ്രവർത്തിച്ചു വരുന്നു. ആയതിനാൽ കെട്ടിടത്തിനെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 Z/കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരമുള്ള നടപടികളോ സ്വീകരിക്കേണ്ടതാണ്. കൂടാതെ കെട്ടിടങ്ങൾക്ക് ചട്ടപ്രകാരം UA നമ്പർ നൽകി നികുതി ഈടാക്കേണ്ടതുമാണ്.

1-15 മുഴവൻ വിസ്തൃതിയ്ക്കും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയില്ല

1. ഒക്യുപ്പൻസി നം.എ7-1865/20 തി.23.3.22 ,പെർമിറ്റ് നം.എ7-5605/16 തി.17/12/16 പ്രകാരം ശ്രീ.സഞ്ജു ദാസ്, മാനേജിങ്ങ് ഡയറക്ടർ, Sandroyal Building എന്നവരുടെ 2425.87 ച.മീറ്റർ വിസ്തൃതിയിലുള്ള താമസാവശ്യത്തിനുള്ള കെട്ടിടത്തിന് I/235 C, C1 മുതൽ C31 കെട്ടിടനമ്പറുകൾ അനുവദിച്ചിട്ടുണ്ട്. കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന് 2921.37 ച.മീ വിസ്തീർണ്ണമുണ്ട്. എന്നാൽ 2425.87 ച.മീറ്റർ വിസ്തൃതിയ്ക്ക് മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ബാക്കി 495.5 ച.മീറ്റർ വിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. കെ.പി.ബി.ആർ ചട്ടം 3(4) പ്രകാരം സെല്ലാറോടു കൂടിയതോ, അല്ലാതെയോ ഉള്ള ബഹുനില കെട്ടിടങ്ങളുടെ പൊതുആവശ്യത്തിനായി ഉപയോഗിക്കുന്ന വിസ്തൃതി മറ്റു നിലകളുടെ വിസതീർണ്ണത്തോടുകൂടി ചേർക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 3/ 09.01.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 495.5 ച.മീറ്റർ വിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ച് മുൻകാല പ്രാബല്യത്തോടു കൂടി വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. മുകളിൽ പറഞ്ഞിട്ടുള്ള കെട്ടിടത്തിന്റെ കെട്ടിട നമ്പർ I/235 C31-ന്റെ സഞ്ചയയിലെ ഫോറം 6 പരിശോധിച്ചു. ആയതിന്റെ വിസ്തൃതി 350.16 ച.മീറ്ററാണ്. പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 250 ച.മീറ്ററിന് മുകളിൽ തറ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് തറ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 15% വർദ്ധനവ് ആവശ്യമാണ്. എന്നാൽ വസ്തുനികുതിയിൽ 15% വർദ്ധനവ് വരുത്തിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 3/ 09.01.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതിയിൽ 15% വർദ്ധനവ് വരുത്തി മുൻകാല പ്രാബല്യത്തോടു കൂടി വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 അനധികൃത കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയില്ല

1. അപേക്ഷ നം.എ7-3146/21 തി.30.03.21 പ്രകാരം മാനേജിങ്ങ് ഡയറക്ടർ, ഹമാര ഹോട്ടൽ, നടത്തറ എന്നവരുടെ 2747.96 ച.മീ വിസ്തൃതിയിലുള്ള വാണിജ്യകെട്ടിടം ക്രമവത്ക്കരിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ അസസ്സ്മെന്റ് പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 2061 ച.മീറ്ററാണ്. കെട്ടിടത്തിന്റെ 686.96 ച.മീറ്റർ വിസ്തൃതിയാണ് ക്രമവത്ക്കരിക്കാനുള്ളത്. 2013-14 മുതൽ 2019-20 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ കെട്ടിടത്തിന്റെ അനധികൃത നിർമ്മാണത്തെ കുറിച്ച് പരാമർശിച്ചിരുന്നു. ഈ കെട്ടിടത്തെ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നുണ്ടോ, ഉണ്ടെങ്കിൽ UA നമ്പർ,വസ്തുനികുതി അടവാക്കിയ രശീതി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 5/09.01.23 നൽകി.അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹമാര ഹോട്ടൽ അധികൃതർക്ക് 2013-14 മുതൽ 2019-20 സാമ്പത്തിക വർഷം

വരെയുള്ള അധിക നിർമ്മാണത്തിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് നോട്ടീസ് നൽകിയെന്നും,സ്ഥാപനം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് തുകയുടെ മൂന്നിലൊന്ന് ഭാഗം അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് പ്രൊവിഷനൽ ലൈസൻസ് അനുവദിക്കുകയും ചെയ്തു.ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നൽകുന്നതിന് മുമ്പ് തന്നെ കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു.എന്നാൽ ചട്ടലംഘനങ്ങൾ ഉള്ളതിനാൽ നോട്ടീസ് അയച്ചിട്ടുണ്ട്.അനധികൃത ഭാഗങ്ങൾ ക്രമവത്ക്കരിക്കാത്ത പക്ഷം UA നമ്പർ നൽകി,വസ്തുനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു.

കെട്ടിടം ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുള്ളത് 30.03.21-ാം തിയ്യതിയിലാണ്.നാളിതു വരെ കെട്ടിടത്തിന് ഒക്യുപ്പൻസി നൽകിയിട്ടില്ല.കെട്ടിടത്തിന്റെ അനധികൃത നിർമ്മാണത്തിന്റെ വസ്തുനികുതി 2020-21 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്തിട്ടില്ല. അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയ അനധികൃത നിർമ്മാണത്തിനെക്കാൾ(585 ച.മീ) കൂടുതൽ നിർമ്മിതിക്കാണ്(686.96 ച.മീറ്ററിന്) ഹോട്ടൽ ഉടമകൾ ക്രമവത്ക്കരണത്തിന് അപേക്ഷ നൽകിയിട്ടുള്ളത്.അക്കൗണ്ടന്റ് ജനറൽ കണക്കാക്കിയ 7,18,053/-രൂപ മാത്രമാണ് 2013-14 മുതൽ 2019-20 സാമ്പത്തിക വർഷം വരെയുള്ള അനധികൃത നിർമ്മാണത്തിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് നോട്ടീസ് നൽകിയത്.ക്രമവത്ക്കരണത്തിന് അപേക്ഷ നൽകിയ 686.96 ച.മീറ്റർ വിസ്തൃതിയ്ക്ക് 2013-14 മുതൽ 2019-20 സാമ്പത്തിക വർഷം വരെയുള്ള വസ്തുനികുതി കുടിശ്ശിക (അനധിക നിർമ്മാണത്തിന്റെ) കണക്കാക്കി ഡിമാന്റ് ചെയ്തില്ല.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്.അനധികൃത നിർമ്മാണ വിസ്തൃതിയുടെ(686.96 ച.മീറ്റർ) 2020-21,2021-22,2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

അടിസ്ഥാന വസ്തുനികുതി:686.96x50=34,325/-

5 മീറ്റർ റോഡിന്റെ വർദ്ധനവ്=34,325x20%=6865/-

തറ വിസ്തീർണ്ണത്തിന്റെ വർദ്ധനവ്=34,325x15%=5149/-

എയർകണ്ടീഷൻ വർദ്ധനവ്=34,325x15%=5149/-

മൂന്നാം നിലയിലെ ഇളവ്=34,325x15%=5149/-

വസ്തുനികുതി=34325+6865+5149=46,339/-

LC=2317/-

മൊത്തം വസ്തുനികുതി=48,716/-

അനധികൃത കെട്ടിട ഭാഗത്തിന്റെ വസ്തുനികുതി=48716x3=1,46,148/-

2020-21,2021-22,2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി=1,46,148x3=4,38,444/-

ക്രമവത്ക്കരണത്തിന് അപേക്ഷ നൽകിയ 686.96 ച.മീറ്റർ വിസ്തൃതിയ്ക്ക് 2013-14 മുതൽ 2019-20 സാമ്പത്തിക വർഷം വരെയുള്ള അധിക നിർമ്മാണത്തിന്റെ വസ്തുനികുതി കുടിശ്ശിക ഗ്രാമപഞ്ചായത്ത് കൃത്യമായി കണക്കാക്കി ഈടാക്കേണ്ടതാണ്. അതുപോലെ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി ഗ്രാമപഞ്ചായത്ത് കൃത്യമായി കണക്കാക്കി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

2. അപേക്ഷ നം.എ7-5876/19 തി.05.08.19, 21.08.19 എന്നിവ പ്രകാരം ഭാരതീയ വിദ്യഭവൻ സ്കൂൾ, പൂച്ചെട്ടി എന്നവരുടെ 2071.6 ച.മീ വിസ്തൃതിയിലുള്ള കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ നൽകി. കെട്ടിടം 05.08.19 ന് മുമ്പ് പണി പൂർത്തീകരിച്ചിട്ടുണ്ട്. ഈ കെട്ടിടത്തെ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നുണ്ടോ എന്നറിയുന്നതിന് ഓഡിറ്റ് എൻക്വയറി 5/09.01.23 നൽകി. മറുപടിയിൽ കെട്ടിടം KPBR പാലിക്കുന്നുണ്ടെന്നും, KER ചട്ട ലംഘനമുള്ളതിനാൽ ക്രമവത്ക്കരിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ച് വരുകയാണെന്നും,ക്രമവത്ക്കരിച്ച ശേഷം കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നതാണെന്നും അറിയിച്ചു. കെട്ടിടം 05.08.19 ന് മുമ്പ് പണി പൂർത്തീകരിച്ചിട്ടുള്ളതായാണ് ഫയലിൽ നിന്നും ബോധ്യപ്പെടുന്നത്. അതായത് 2019-20, 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ കെട്ടിടം ക്രമവത്ക്കരിച്ചിട്ടില്ല.

നിലവിൽ കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിച്ചു വരുന്നു.കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം അനധികൃത കെട്ടിടങ്ങളിൽ ഒരു പ്രവർത്തനങ്ങളും അനുവദനീയമല്ല. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. അനധികൃത നിർമ്മാണ വിസ്തൃതിയുടെ (2071.6 ച.മീറ്റർ) 2019-20, 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

കെട്ടിടത്തിന്റെ അനധികൃത കെട്ടിട ഭാഗത്തിന്റെ വിസ്തൃതി 2071.6 ച.മീറ്ററാണ്.ആയതിൽ 57.04 ച.മീറ്റർ ബാങ്ക് എക്സ്റ്റൻഷൻ ആവശ്യങ്ങൾക്കാണ്. ആയതിനാൽ ഈ കെട്ടിടത്തിന്റെ 2019-20, 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. പെർമിറ്റ് നം.WB/8612/10-11 തി. 06/06/11 പ്രകാരം ശ്രീ.ജോയ് S/O ജോസഫ്,കൊച്ചുപുരയ്ക്കൽ ഹൗസ്,ചെരുംകുഴി എന്നവർക്ക് 89.43 ച.മീറ്റർ വിസ്തൃതിയിലുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അപേക്ഷ നം.എ7-898/19 തി.15/2/19 പ്രകാരം 89.43 ച.മീറ്റർ വിസ്തൃതിയിലുള്ള വാണിജ്യകെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. 13.2.19 -ാം തിയ്യതിയിൽ കെട്ടിടം പണിപൂർത്തീകരിച്ചതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. ഈ കെട്ടിടത്തെ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നുണ്ടോ എന്നറിയുന്നതിന് ഓഡിറ്റ് എൻക്വയറി 5/09.01.23 നൽകി. മറുപടി ലഭ്യമാക്കിയില്ല. 2018-19 രണ്ടാം അർദ്ധവർഷം, 2019-20, 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ കെട്ടിടം ക്രമവത്ക്കരിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. അനധികൃത നിർമ്മാണ വിസ്തൃതിയുടെ (89.43ച.മീറ്റർ)2018-19 രണ്ടാം അർദ്ധവർഷം, 2019-20 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ആയതിനാൽ ഗ്രാമപഞ്ചായത്ത് 2018-19 രണ്ടാം അർദ്ധവർഷം, 2019-20, 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി കൃത്യമായി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)231/15/തസ്വഭവ തി.9.7.15 പ്രകാരം കെട്ടിടനമ്പർ അനുവദിക്കുമ്പോൾ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രം കൂടി വാങ്ങി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെയാണ് താഴെ പറയുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു.

ക്രമ നം	കെട്ടിട നം	വിസ്തീർണ്ണം	ഉപയോഗക്രമം

1	I/235 C,C1 To C32	2921.37	താമസം
2	17/589A To E	363.71	വാണിജ്യം
3	XI/643A To F	295.73	വാണിജ്യം
4	I/28 B,C	372.42	വാണിജ്യം
5	I/518 B,C,D	397.42	വാണിജ്യം
6	10/443 S	196.49	താമസം
7	10/429B	247.08	വാണിജ്യം
8	8/19B,C,D,E,F,G	522.42	താമസം
9	X/419E	70.33	വാണിജ്യം
10	IV/9B	156.67	താമസം
11	2/196c	20.03	വാണിജ്യം
12	V/486C	154.94	താമസം
13	14/402A	184.24	താമസം
14	12/374A	111.03	താമസം
15	14/144A	131.55	താമസം
16	IV/9C	46.05	വാണിജ്യം

വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിച്ചതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.6/9.1.23) നൽകി. ഈടാക്കുന്നതിനായ് പ്രസ്തുത വിവരങ്ങൾ വില്ലേജ് ഓഫീസർക്ക് അയച്ച് കൊടുക്കുന്നതാണെന്ന് അറിയിച്ചു. ഓഡിറ്റിൽ എല്ലാ ഫയലുകളും പരിശോധിക്കാൻ സാധ്യമല്ലാത്തതിനാൽ, 2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിടനമ്പർ അനുവദിച്ച എല്ലാ കെട്ടിടങ്ങളുടെയും അപേക്ഷ പരിശോധിച്ച് കൃത്യമായ ലിസ്റ്റ് തയ്യാറാക്കി ,അപേക്ഷകരിൽ നിന്നും ഒറ്റ തവണ നികുതി അടവാക്കിയതിന്റെ രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.അല്ലാത്തപക്ഷം അനുവദിച്ച കെട്ടിടനമ്പർ റദ്ദ് ചെയ്യേണ്ടതാണ്.ആയതിനാൽ കെട്ടിട നമ്പർ അനുവദിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കേണ്ടതാണ്.

1- 18 മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

പ്രൊജക്ട് നം:77/21-22

പ്രൊജക്ട് പേര്: മരുന്ന വാങ്ങൽ

അടങ്കൽ:909354/-

ചെലവ്:909354/-

ബിൽ നം. 3/21-22 : 2,00,000/-

ബിൽ നം.10/21-22 : 264608/-

ബിൽ നം. 23/21-22 : 2,714/-

ബിൽ നം. 27/21-22 :32,678/-

ബിൽ നം. 39/21-22 :2,00,000/-

ബിൽ നം. 40/21-22 : 2,09,354/-

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ട് പ്രകാരം പി.എച്ച്.സി യിലേക്ക് 909354/-രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരം വാങ്ങിയിട്ടുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടുണ്ടോ, കിട്ടാനുള്ള മരുന്നുകളുടെ തുകയുടെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.22/13.1.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബിൽ നം. 3/21-22 പ്രകാരം വാങ്ങിയ 2,00,000/-രൂപയുടെ മരുന്നുകൾ മാത്രമാണ് സ്റ്റോക്ക് എൻട്രി കൃത്യമായി നടത്തിയിട്ടുള്ളത്. ആയതിലും കുറച്ച

വ്യത്യാസങ്ങളുണ്ട്. ബാക്കി മരുന്നുകളുടെ സ്റ്റോക്ക് എൻട്രി നടത്തിയിട്ടുള്ളത് കൃത്യമല്ല. മരുന്നുകൾ എത്ര കിട്ടുന്നുണ്ട് എന്നുള്ള വിവരം ലഭ്യമല്ല. ആയതിനാൽ ലഭിച്ച മരുന്നുകൾ കൃത്യമായി സ്റ്റോക്ക് എൻട്രി നടത്തി, സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-19 ഗുണഭോക്താക്കളുടെ പൂർത്തീകരണ വിവരം കൃത്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം.239/21-22

പദ്ധതിയുടെ പേര്:BPL കുടുംബങ്ങൾക്ക് ടോയ് ലറ്റ്(so) അറ്റകുറ്റപ്പണി(റിട്രോഫിറ്റിങ്ങ്)

അടങ്കൽ:1005560/-

ചെലവ് തുക:922840/-

ബിൽ നം:33/21-22 തി. 16.2.22, 36/21-22 തി. 16.2.22,44/21-22 തി.08/03/22, 57/21-22 തി.24.3.22

മുകളിൽ പ്രസ്താവിച്ച സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 141 ഗുണഭോക്താക്കൾക്ക് 4240/-രൂപ വീതവും, 65 ഗുണഭോക്താക്കൾക്ക് 5000/-രൂപ വീതവും കൈമാറിയിട്ടുണ്ട്. മുൻ വർഷത്തിൽ 8 ഗുണഭോക്താക്കൾക്ക് 4240/- രൂപ വീതവും,73ഗുണഭോക്താക്കൾക്ക് 5000/- രൂപ വീതവും കൈമാറിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 8 പേർ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവ് പദ്ധതിയിൽ നിന്നും പിൻമാറിയിട്ടുണ്ട്, ടിയാൻ കൈപ്പറ്റിയ 5000/-രൂപ തനതുഫണ്ടിലേക്ക് തിരിച്ചടച്ചു.മറ്റൊരു ഗുണഭോക്താവിന് അധികമായി നൽകിയ തുക 4240/- തിരിച്ചടവാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം വരെ ആകെ 149 ഗുണഭോക്താക്കൾക്ക് 4240/-രൂപ വീതവും, 138 ഗുണഭോക്താക്കൾക്ക് 5000/-രൂപ വീതവും നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.23/21-22), തീ.13.01.23 നൽകിയതിന് 16 ഗുണഭോക്താക്കൾ സ്പിൽ ഓവർ പ്രൊജക്ടിൽ ഉള്ളതായി മറുപടി നൽകി. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ രേഖകൾ പ്രകാരം 2022-23 സാമ്പത്തിക വർഷത്തേക്ക് സ്പിൽ ഓവർ ആയത് 8 ഗുണഭോക്താക്കൾ മാത്രമാണ്. മുകളിൽ പറഞ്ഞിട്ടുള്ള കണക്കുകളിൽ നിന്നും 137 ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാണ്. അതായത് ആകെയുള്ള 151 ഗുണഭോക്താക്കളിൽ 137 പേർക്കും പദ്ധതി വിഹിതം മുഴുവനായി കൈമാറിയിട്ടുണ്ട്. അതിൽ 148 ഗുണഭോക്താക്കൾക്ക് (അധികം കൈപ്പറ്റിയത് തിരിച്ചടച്ചത് ഒഴിവാക്കി) 4240/-രൂപ വീതവും,137 ഗുണഭോക്താക്കൾക്ക് (പിൻവാങ്ങിയ ഗുണഭോക്താവിനെ ഒഴിവാക്കി) 5000/-രൂപ വീതവും കൈമാറിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ 2022-23 വർഷത്തേക്ക് (SO ആയി) 2 പേർക്ക് 4240/- രൂപയും, 14 പേർക്ക് 5000/-രൂപ നൽകാനുണ്ടെന്നാണ്. ചെലവഴിച്ച തുകയുടെ അടിസ്ഥാനത്തിൽ 3 പേർക്ക് 4240/-രൂപ വീതവും,14 പേർക്ക് 5000/-രൂപ വീതവും 2022-23 വർഷത്തേക്ക് (SO ആയി) നൽകാനുണ്ട്. രജിസ്ററർ പ്രകാരം സ്പിൽ ഓവറായി 8 ഗുണഭോക്താക്കൾ മാത്രമാണെന്നത് തെറ്റായ വസ്തുതയാണ്. രേഖകൾ(രജിസ്റ്റർ) കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ കൈപ്പറ്റ് രേഖകൾ,പൂർത്തീകരണം എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കൃത്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-20 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പ്രത്യേക കന്നുകുട്ടി പദ്ധതി പ്രകാരം 2021-22 വർഷത്തിൽ 22100831/12-10-21 വൗച്ചർ നമ്പർ പ്രകാരം 50 ഗുണഭോക്താക്കൾക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി ₹312500/- നിർവ്വഹണത്തിനായി എസ്.എൽ.ബി.യ്ക്ക് കൈമാറിയിട്ടുള്ളതാണ്. ആയതിന്റെ കൈപ്പറ്റ് രശീതി നല്കിയിട്ടുണ്ടെങ്കിലും, പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

വലക്കാവ് ക്ഷീര സഹകരണ സംഘം വഴി വിതരണം ചെയ്ത കാലിത്തീറ്റയുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, 2022 നവംബർ മാസം വരെ പദ്ധതി പ്രകാരം 14 തവണകളായി ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തിട്ടുള്ളതാണ്. ആയതു പ്രകാരം, താഴെ പറയുന്ന ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റുന്നത്, ഇടയ്ക്ക് വെച്ച് നിർത്തിയിട്ടുള്ളതാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേരു വിവരം	എസ്.എൽ.ബി.പി. ബെനഫിഷ്യറി	പദ്ധതി പ്രകാരം കാലിത്തീറ്റ കൈപ്പറ്റിയത്

		നമ്പർ	തവണകൾ	അവസാന തീയതി
1	അന്നക്കുട്ടി, പൂഞ്ചാലയിൽ, കൊഴുക്കുള്ളി	TSR-74039	9	13.07.22
2	രുഗ്മണിw/ O.രാമൻകുട്ടി, ചുക്കത്ത് വീട്, മുപ്ലിയം	TSR-74039	9	13.07.22
3	ഓമന രാധാകൃഷ്ണൻ, അന്തിക്കാട്ടുകുളങ്ങര, കൊഴുക്കുള്ളി	TSR-74051	1	15.11.21
4	ലത കുണ്ടോളി, മുപ്ലിയം	TSR-74055	6	19.04.22
5	സുലോചന, കുറ്റിക്കാട്ട്, മൂർക്കനിക്കര	TSR-74059	12	24.10.22
6	അജിതകുമാരി, പണിക്കശ്ശേരി, പൊലൂക്കര	TSR-74064	ഒറ്റ തവണ പോലും കൈപ്പറ്റിയിട്ടില്ല	

ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. കാലിത്തീറ്റ കൈപ്പറ്റാത്ത പക്ഷം മേൽ പറഞ്ഞ ഗുണഭോക്താക്കൾക്കായി അടവാക്കിയ പദ്ധതി വിഹിതം നിർവ്വഹണ ഏജൻസിയിൽ നിന്ന് തിരികെ ഈടാക്കി സഞ്ചിതനിധിയിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.16/12.01.23)

1-21 2021-22 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ്

2021-22 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

2021-22 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ - നടത്തറ ഗ്രാമപഞ്ചായത്ത്		
ക്രമനം.	2021-22	
1	2021-22 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം	878
2	2021-22 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ മൂല്യം	220
3	2021-22 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം	183
4	2021-22 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ മൂല്യം	1,48,13,923

5	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം		3219
6	2021-22 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ		
	സ്ത്രീ	പുരുഷൻ	ആകെ
	35849	2313	38162
പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റുള്ളവർ	ആകെ
6172	1621	30369	38162
11	2021-22 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം		591
12	2021-22 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം		242
13	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം		ഇല്ല
14	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷത്തിൽ വിതരണം ചെയ്ത വേതനം		1,16,73,908 (സ്കിൽഡ്:417015 & അൺസ്കിൽഡ്:11256893)
15	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 31-03-2022 വിതരണം ചെയ്യാൻ കുടിശികയുള്ള വേതനം		ഇല്ല
15	സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ		സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്
16	2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ മറ്റു വിഭാഗങ്ങളുമായി സഹകരിച്ച് നടത്തിയ സംയോജിത/ സംയുക്ത പ്രോജക്ടുകൾ (കൺവർജൻസ് സ്കീമുകൾ) സംബന്ധിച്ച വിവരം (എണ്ണം)		ഇല്ല
17	2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ മറ്റു വിഭാഗങ്ങളുമായി സഹകരിച്ച് നടത്തിയ സംയോജിത/ സംയുക്ത പ്രോജക്ടുകൾ (കൺവർജൻസ്		ഇല്ല

	സ്കീമുകൾ) സംബന്ധിച്ച വിവരം (മൂല്യം)		
2021-22 പദ്ധതികൾ സംബന്ധിച്ച വിശാദാംശം			
ക്രമ നം	പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം	നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം	ചെലവഴിച്ച തുക
1	മണ്ണ് , ജല സംരക്ഷണം	0	0
2	വരൾച്ച തടയൽ , വനവത്കരണം	13	5.4991 ലക്ഷം
3	പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം	19	23.7665ലക്ഷം
4	ഭൂവികസനം	42	55.1036

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പൊതു ആസ്തി സൃഷ്ടിക്കുന്ന പ്രവർത്തികളൊന്നും തന്നെ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ പൊതു ആസ്തികൾ സൃഷ്ടിയ്ക്കത്തക്കതായ പ്രവർത്തനങ്ങൾക്ക് മുൻഗണന കൊടുക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.18/12.01.22)

1-22 കാലി ടാർ വീപ്പയുടെ വില ഫൈനൽ ബില്ലിൽ കുറവ് ചെയ്തിട്ടില്ല.

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021 -22വർഷത്തിൽ നടപ്പാക്കിയ വിവിധ റോഡ് ടാറിംഗ് പ്രവൃത്തികളിൽ കാലി ടാർ വീപ്പയുടെ വില ഫൈനൽ ബില്ലിൽ കുറവ് ചെയ്യാതെ കരാറുകാർക്ക് മുഴുവൻ തുകയും നല്കിയിട്ടുണ്ട്. പാക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ടിന്റെ പേര്, നം.	ട്രഷറി ബിൽ നം. തിയതി, തുക.	കരാറുകാരൻ.	മറ്റ് വിവരങ്ങൾ അളവ് പുസ്തകം എഗ്രിമെന്റ് നം.തീയതി
1.ആയുർവേദ ആശുപത്രി റോഡ് റി - ടാറിംഗ്. So166/22	1/2021 -22. Dtd.8.7.21. 78691/ -	ജോർജ്. എം.വൈ.	MB-79/19-20 എഗ്രി.നം.11/19-20, തീ.18.09.19
2.കൈപ്പിള്ളി റോഡ് റി- ടാറിംഗ്. So177/22.	2/2021 -22. Dtd. 8.7.21. 9394/ -	ജോർജ്. എം.വൈ.	MB-173/20-21 എഗ്രി.നം.70/20-21 തീ.08.10.20
3. പതിരിക്കാട് ബൈലൈൻ മെയിന്റൻസ്,റി - ടാറിംഗ്. So180.22	3/2021 -22. 8.7.21. 326086/ -	ടോജോ. കെ.എം.	MB-171/20-21 എഗ്രി.നം.60/20-21 തീ22.09.20.
4. മങ്കുഴി റോഡ് റി - ടാറിംഗ്. So184/22.	4/2021 -22. Dtd.8.7.21. 198566/ -	എൽദോ കുര്യൻ	MB-158/20-21 എഗ്രി.നം.84/20-21 തീ-6.11.20.
5.പാലോക്കാരൻ റോഡ്	6/2021 -22.Dtd.	ടോജോ.കെ.എം.	MB-170/20-21 എഗ്രി.നം.66/20-21

മെയ്ന്റൻസ്.So181/22/	8.7.21. 290666/ -		തീ.30.09.20
6.ഇല്ലികുളങ്ങര റോഡ് റി - ടാറിംഗ്.So092/21	8/2021 -22. Dtd.20.9.21. 399838/ -	എൽദോ കുര്യൻ	MB-198/20-21 എഗ്രി.നം.75/20-21 തീ.8.10.20
7.PHC.റോഡ് റി - ടാറിംഗ് അനുബന്ധ പ്രവൃത്തികൾ.So183/22.	11/21 -22 Dtd.20.12.21. 142154/ -	ജോർജ്. എം.വൈ.	MB-166/20-21 എഗ്രി.നം.82/20-21 തീ.6.7.20
8. ദേവിപുരം പോസ്റ്റ് ഓഫീസ് റോഡ്, റി - ടാറിംഗ് അനുബന്ധ പ്രവൃത്തികൾ.So175/22.	12/21 -22. Dtd.29. 12.21. 625584/ -	എൽദോ കുര്യൻ	MB-238/20-21 എഗ്രി.നം.56/20-21 തീ.16.09.20
9. കിണർ റോഡ് ബൈലൈൻ റോഡ് റി - ടാറിംഗ് & കാന നിർമ്മാണം. SO-66/22	13/21 22. Dtd.7.1.22. 525325 /-	പി.വി. വിനോദ്.	MB-220/20-21 എഗ്രി.നം.2/21-22 തീ.01.11.21

മുകളിൽ പറഞ്ഞിരിക്കുന്ന പ്രോജക്ടുകളിൽ കാലി ടാർ വീപ്പയുടെ വില കുറവ് ചെയ്തിട്ടില്ല. പ്രവൃത്തികൾക്കായി വിനിയോഗിച്ച ബിറ്റുമിന്റെ അളവനുസരിച്ച് കാലി ടാർ വീപ്പയുടെ വില (ജി.എസ്.ടി ഉൾപ്പെടെ) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതും ജി.എസ്.ടി.ഒഴികെയുള്ള തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

തുക കരാറുകാരിൽ നിന്നും ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി പിന്നീട് കണക്കാക്കുന്നതാണ്. ഓഡിറ്റ് എൻക്വയറി നം.10/10.01.23 നുള്ള മറുപടിയിൽ കാലി ടാർ വീപ്പയുടെ വില ഈടാക്കുന്നതിന് കരറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും കരാറുകാർ തുക തിരിച്ചടവാക്കുന്നതിന് സാവകാശം ആവശ്യപ്പെട്ടിട്ടുള്ളതാണ് എന്നും തിരിച്ചടവാക്കുന്ന മുറയ്ക്ക് പഞ്ചായത്ത് ഫണ്ടിൽ തുക അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-23 ഇ – ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

2021 -22 വർഷത്തിൽ അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ 15 പ്രവൃത്തികൾ ഇ – ടെണ്ടർ പ്രവൃത്തികളായിരുന്നു. ഇ – ടെണ്ടർ ഫി ഇനത്തിൽ തൻ വർഷം 76000/ - രൂപ വരവുള്ളതായി കാണുന്നു. എന്നാൽ ടി തുക അസി. എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച് വരുന്നു.ഗ്രാമ പഞ്ചായത്തിന് അർഹതപ്പെട്ട തുക പഞ്ചായത്ത് ഫണ്ടിലേക്ക് എത്രയും വേഗം കൈമാറേണ്ടതും തുക കൈമാറിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇ ഇനത്തിൽ മുൻ വർഷങ്ങളിലെ തുകകൾ ഉണ്ടെങ്കിൽ ആയത് കൂടി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഭാഗം –2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം –3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

.

സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം 2021-22					
വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2021-22	988625	ലൈഫ് ഭവനം - എസ് സി	988625	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	520000	പച്ചക്കറി കൃഷി വികസന പദ്ധതി	520000	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	196800	മത്സ്യകൃഷിക്ക് പടുതക്കുളം	196800	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	350000	നെൽ കൃഷി വികസന പദ്ധതി	350000	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	100000	സ്വാന്തന പരിചരണം(പാലിയേറ്റിവ് കെയർ	100000	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	300000	അംഗൻവാടി അനുപൂരക പോഷകാഹാരം- ജനറൽ	300000	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	300000	ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് -ജനറൽ	300000	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	275000	ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ് സിഡി	275000	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	36984	ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ	36984	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	54800	ബയോഫ്ലോക്ക്	54800	0
ജില്ലാ പഞ്ചായത്ത്	2021-22	450000	ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ് സിഡി	450000	0
ജില്ലാ പഞ്ചായത്ത്	2021-22	348500	ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് -ജനറൽ	348500	0
ജില്ലാ പഞ്ചായത്ത്	2021-22	340000	വയോജനങ്ങൾക്ക കട്ടിൽ - ജനറൽ	340000	0

ജില്ലാ പഞ്ചായത്ത്	2021-22	315358	അംഗൻവാടി അനുപൂരക പോഷകാഹാരം- ജനറൽ	315358	0
ജില്ലാ പഞ്ചായത്ത്	2021-22	118686	നടത്തറ ഗ്രാമ പഞ്ചായത്ത് കോവിഡ് പ്രതിരോധ പ്രവർത്തനം	118686	0
ജില്ലാ പഞ്ചായത്ത്	2021-22	114000	മത്സ്യകൃഷിക്ക് പടുതക്കുളം	114000	0
ജില്ലാ പഞ്ചായത്ത്	2021-22	102808	സ്വാന്തന പരിചരണം(പാലിയേറ്റിവ് കെയർ	102808	0
ജില്ലാ പഞ്ചായത്ത്	2021-22	8400	ബയോഫ്ലോക്ക്	8400	0

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 വർഷത്തെ കണക്കുകളാണ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ 2021-22

നിർവ്വഹണ ഏജൻസി	പ്രവർത്തിയുടെ പേര്	വൗച്ചർ		മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
		നമ്പർ	തുക			
KSEB	സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ	22100731/31.03.22	1267	178766	178766	0
		22100430/14.01.22	54923			
		22100442/24.01.22	89256			
		22100756/31.03.22	16804			
		22100717/27.03.22	16516			
KSEB	ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	22100973/06.01.22		24988	24988	0

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 വർഷത്തെ വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ്നം/ തിയതി	വായ്പ തുക	മുൻ ബാക്കി	തൻവർഷം തിരിച്ചടച്ചതുക			വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ		പലിശ	
KURDFC	G.O (MS) 68/2018 18/05/2018	ലഭ്യമല്ല	5681326	G.O (Rt) 3367/21/ Fin 07.04.21	293333		4449326
	G.O (MS)100/2018			G.O (Rt) 5206/21/	469333		

30/07/2018	Fin 30.07.21	
G.O (MS) 110/2018 13/08/2018	G.O (Rt) 22/22/ Fin 01.01.22	469334
LSGD 34/2018 16/03/2018	ആകെ	1232000

4-5 സ്ഥിരനിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2009-10	3-12	2009-10	3-12	നെല്ലാനി തോട്ടിൽ VCB നിർമ്മാണം	പ്രവർത്തി പൂർത്തീകരിച്ചു

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	9,90,32,024
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	8,28,55,980
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	0

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല

4-10 ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ് (CAR/ CASE/ CH/ SCH)
1	1998-99	LFT11 662/2000 Dt. 1.9.2000/31.01.01	26, 28, 33	3	
2	1999-2000	LFT11-1529/06 Dt. 26.10.06	1-1, 3-1, 3-2	3	
3	1999-2000 To 2001-02 (ജനകീയാസൂത്രണം)	LFT11-1069/2003 Dt. 26.9.03	5	1	
4	2002-03	LFT11-2370/07 Dt. 4.10.08	3-1, 3-8, 3-9	3	
5	2003-04	LFT11-1364/08 Dt. 3.8.09	3-2	1	
6	2005-06	LFT11-1620/09 Dt.18.8.10	2-1, 3-2	2	
7	2006-07	LFT11-1621/09 Dt. 18.8.10	2-2	1	
8	2007-08	LFTP5-370/11 Dt. 11.3.11	2-1, 3-14, 3-15, 3-17, 3-18	5	
9	2008-09	LFTP5-371/2011 Dt. 15.3.2011	3-1, 3-9, 3-10, 3-11, 3-12, 3-13, 3-16	7	
10	2009-10	LFTP5-372/11 Dt. 15.3.11	1-1, 3-3, 3-5, 3-9, 3-12, 3-13, 3-14, 3-15, 3-16, 3-17	10	
11	2011-12	LFTP8-1568/13 Dt.14.3.14	2-2, 3-3	2	

12	2012-13	LFTP8-1379/14 Dt. 12.1.15	2-2(4), 3-2, 3-3, 3-7(1)	4	
13	2013-14	KSATSRP8-560/15 Dt. 20.08.15	2-2, 3-7	2	
14	2014-15	KSATSRP8-1209/16 Dt. 23.7.16	2-1, 2-2, 3-7(1)(2), 3-14	4	
15	2015-16	KSATSRP8-2150/16 Dt. 16.12.16	2-4, 2-5, 3-1, 3-5	4	
16	2016-17	KSATSRP8-1194/2017 Dt. 31.07.17	2-1, 3-7, 3-8, 3-9	4	
17	2017-18	KSATSRP8-1331/18 Dt. 28.9.18	2-7, 3-7	2	
18	2018-19	KSATSR. (P.8)376/2020 Dt. 18-05-20	1-11,1-13,1-14,1-17, 1-18,1-19,1-20,1-22	8	
19	2019-20	KSATSR(P9)-1115/21 Dt.16-03-22	1-11,1-12,1-13,1-14, 1-15,1-16,1-17,1-18 1-19,1-20,1-21,1-22 1-23,1-24,1-25,1-26 1-27,1-28,1-29,1-30 1-31,1-32,1-33	23	
20	2020-21	KSATSR(P9)-1120/21 Dt.16-03-22	1-11,1-12,1-13,1-14, 1-15,1-16,1-17,1-18 1-19,1-20,1-21,1-22 1-23,1-24,1-25,1-26 1-27,1-28,1-29,1-30 1-31,1-32,1-33,1-34 1-35,1-36,1-37,1-38, 1-39,1-40,1-14,1-42 1-43,1-44,1-45,1-46 1-47,1-48 1-20,1-21,1-22	38	
	ആകെ		**127**	**127**	

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്